എസ് എ (2)39528/17

കാർഷികവികസന കർഷകക്ഷേമ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി 03-05-2018

# സർക്കുലർ

വിഷയം:- കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - 2018 ലെ ഓൺലൈൻ പൊതുസ്ഥലം മാറ്റം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1. ഈ ഓഫീസിലെ 25-04-2018 ലെ സർക്കുലർ.
2. സ.ഉ(സാധാ) നം.409/2018/കൃഷി, തീയതി 02-05-2018.

*************

പൊതുസ്ഥലം മാറ്റം 2018 നടപ്പിലാക്കുന്നതിനുള്ള സമയക്രമത്തിൽ ഭേദഗതി വരുത്തി സൂചന (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിന് തുടർന്നും ചില സാങ്കേതിക തടസ്സങ്ങൾ നേരിട്ടതിനാൽ സൂചന (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമയക്രമത്തിൽ താഴെപറയും പ്രകാരം മാറ്റങ്ങൾ വരുത്തുന്നു.

| | | |
|---|---|---|
| i | ജീവനക്കാർക്ക് അപേക്ഷ സമർപ്പിക്കാവുന്നത് | 05-05-2018 മുതൽ 09-05-2018 വരെ |
| ii | അതാത് ഡി.ഡി.ഒമാർ ജില്ലാ അധികാരിയായ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിക്കേണ്ടത് | 10-05-2018 മുതൽ 14-05-2018 വരെ |
| iii | ജില്ലാ അധികാരി (പ്രിൻസിപ്പൽ കൃഷി ഓഫീസർ) സംസ്ഥാനതല അധികാരിയായ കൃഷി വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടത് | 15-05-2018 മുതൽ 17-05-2018 വരെ |
| iv | സംസ്ഥാനതല അധികാരി (കൃഷി വകുപ്പ് ഡയറക്ടർ) അപേക്ഷ അംഗീകരിക്കുന്നത്/നിരസിക്കുന്നത് | 15-05-2018 മുതൽ 21-05-2018 വരെ |
| v | കരട് സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിക്കുന്നത് | 21-05-2018 |
| vi | അപ്പീലുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി (പരാതികൾ/അപ്പീലുകൾ agritransfer2018@gmail.com എന്ന മെയിൽ ഐഡിയിൽ ഇ-മെയിലായി മാത്രമേ സ്വീകരിക്കുകയുള്ളു.) | 26-05-2018 |

25-04-2018 മുൻപ് ഓൺലൈനായി അപേക്ഷ സമർപ്പിച്ചവരിൽ (SUBMIT APPLICATION) ക്ലിക്ക് ചെയ്ത് അപേക്ഷ സമർപ്പിച്ചവർ) ചില ഉദ്യോഗസ്ഥർ ഓപ്ഷൻ കൊടുക്കുന്നതിൽ തെറ്റുപറ്റിയെന്നും ആയതിനാൽ അപേക്ഷ പുന:സമർപ്പിക്കുന്നതിനായി ഒരു അവസരം കൂടി

നൽകണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. അത്തരത്തിൽ അപേക്ഷ പുന:സമർപ്പിക്കണമെന്നുള്ളവർ താഴെ പറയുന്ന വിവരങ്ങൾ സഹിതം 08-05-2018-ന് മുമ്പായി agritransfer2018@gmail.com എന്ന വിലാസത്തിൽ ഇ-മെയിലായി അപേക്ഷിക്കേണ്ടതാണ്.

| | | |
|---|---|---|
| 1 | പേര് | |
| 2 | പെൻ (PEN) | |
| 3 | തസ്തിക | |
| 4 | ഓഫീസ് വിലാസം | |
| 5 | മൊബൈൽ നമ്പർ (സ്പാർക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്) | |
| 6 | പുന:സമർപ്പിക്കുന്നതിനുള്ള കാരണം | |

ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് പുന:സമർപ്പിക്കുന്നതിനുള്ള കാരണം നീതീകരിക്കാവുന്നതാണെങ്കിൽ അതിനുള്ള അവസരം നൽകുന്നതാണ്. 05-05-2018 മുതൽ ഓൺലൈൻ ട്രാൻസ്ഫർ അപേക്ഷ നൽകുന്നവർക്ക് ഈ സൗകര്യം ലഭ്യമല്ല. ആയതിനാൽ അപേക്ഷ SUBMIT ചെയ്യുന്നതിന് മുൻപ്, എല്ലാ വിവരങ്ങളും പൂർണ്ണമാണ് എന്നും, ശരിയാണ് എന്നും ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം SUBMIT ചെയ്യേണ്ടതാണ്.

പൊതു സ്ഥലംമാറ്റം 2018 സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ അപേക്ഷകൾ സമർപ്പിക്കുന്നതിനും ആയത് പരിശോധിച്ച് മേലധികാരികൾക്ക് സമർപ്പിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ തങ്ങൾക്ക് ലഭിക്കുന്ന സ്ഥലം മാറ്റ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പ്രിൻസിപ്പൽ കൃഷി ആഫീസർമാർക്കും പ്രിൻസിപ്പൽ കൃഷി ആഫീസർമാർ കൃഷിവകുപ്പ് ഡയറക്ടർക്കും ആയത് ഫോർവേർഡ് ചെയ്യേണ്ടതാണ്.

ഡയറക്ടർ
കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

DIRECTOR
AGRICULTURE DEVELOPMENT
AND FARMER'S WELFARE DEPARTMENT
THIRUVANANTHAPURAM, KERALA

കൃഷിവകുപ്പിലെ എല്ലാ ജീവനക്കാർക്കും

പകർപ്പ്-

കൃഷിവകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും
കൃഷി ഡയറക്ടറുടെ പി എ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ ടെ സി എ
നോട്ടീസ് ബോർഡ്/വെബ്സൈറ്റ്
ഫയൽ/കരുതൽ ഫയൽ/ റെക്കോർഡ്സ് വിഭാഗം

NMR/type20